**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ സോഷ്യൽ മീഡിയയെക്കുറിച്ചുള്ള ബോധവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾതലത്തിൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, സ്നാപ്ചാറ്റ് തുടങ്ങിയ സോഷ്യൽ മീഡിയയെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുവാൻ കഴിയുമോ; ഇത് കൂടാതെ നവമാധ്യമങ്ങൾ വഴിയും വിവിധ ഘട്ടങ്ങളിലായി സ്കൂളുകളിൽ ബോധവൽക്കരണം നടത്തുവാൻ കഴിയുമോ; വ്യക്തമാക്കാമോ? | (എ) | സ്കൂൾതലത്തിൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, സ്നാപ്ചാറ്റ് തുടങ്ങിയ സോഷ്യൽ മീഡിയയെ കുറിച്ചുള്ള ബോധവൽക്കരണം കൈറ്റ് മുഖേന നടത്തുന്നതാണ്. സ്കൂളുകളിൽ ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം ഉറപ്പവരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുകയും അവ ഫലപ്രദമായി പ്രയോഗിക്കുന്നതിന് പ്രത്യേക പരിശീലനം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും കൈറ്റിന്റെ നേതൃത്വത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. 2200-ഓളം സ്കൂളുകളിൽ പ്രവർത്തിക്കുന്ന 1,80,000- ത്തിലധികം ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് അംഗങ്ങൾ നവമാധ്യമങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ, സാങ്കേതിക ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും സുരക്ഷിതമായ ഉപയോഗം, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പരിശീലനം നേടുകയും സ്കൂളുകളിലെ മറ്റ് കുട്ടികൾക്കും 3 ലക്ഷത്തിലധികം അമ്മമാർക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്തു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തനങ്ങളിലും ലിറ്റിൽ കൈറ്റ്സ് പങ്കാളികളാണ്<br><br>സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും പോക്സോയുമായി ബന്ധപ്പെട്ട് അവബോധം നൽകാൻ ബഹു: ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കന്ററി വിഭാഗം കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസലിംഗ് സെല്ലും സമഗ്ര ശിക്ഷ കേരളയുമായി ചേർന്ന് സൗഹൃദ കോർഡിനേറ്റർമാർ ഉൾപ്പടെ 4 അദ്ധ്യാപകർക്ക് POCSO എന്ന വിഷയത്തെ മുൻനിർത്തി ഏകദിന പരിശീലനം നൽകുകയുണ്ടായി. അതിൽ ഒരു |

| | | | |
|---|---|---|---|
| | | | സെഷനായി സൈബർ സുരക്ഷ ഉൾപ്പെടുത്തിയിരുന്നു. ഹയർസെക്കന്ററി രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ നേതൃത്വത്തിൽ സൈബർസുരക്ഷയുമായി ബന്ധപ്പെട്ട് ക്ലാസുകൾ നടത്തികഴിഞ്ഞു. ആദ്യവർഷ വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് മാസത്തോടെ ടി വിഷയവുമായി ബന്ധപ്പെട്ട് ക്ലാസുകൾ നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്.<br><br>വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽസോഷ്യൽ മീഡിയകളെക്കുറിച്ച് കുട്ടികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി സൈബർ വെൽനസ് പ്രോഗ്രാം, പോസിറ്റീവ് പാരന്റിംഗ് എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ